സ്പിരിറ്റ് കടത്ത്

120 [1099] ശ്രീ. മത്തായി ചാക്കോ:

" പി. സി. ജോർജ്ജ്:

" എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വൻതോതിൽ സ്പിരിറ്റ് കടത്തികൊണ്ടു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലേക്ക് വൻതോതിൽ സ്പിരിറ്റ് കടത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) അനധികൃതമായി കൊണ്ടുവന്ന എത്ര ലിറ്റർ സ്പിരിറ്റ് എക്സൈസ് വകുപ്പും പോലീസ് വകുപ്പും പിടിച്ചെടുത്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിശോധന 24 മണിക്കൂറും കർശനമാക്കിയും, റോഡ് പരിശോധനകൾ നിരന്തരം നടത്തിയും രഹസ്യ നിരീക്ഷണം നടത്തി സദാസമയവും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സിനെ നിയോഗിച്ചും, താലൂക്ക്തല കൺട്രോൾ റൂമുകൾ കാര്യക്ഷമമാക്കിയും, സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായി കൊണ്ടുവന്ന 378,718.5 ലിറ്റർ സ്പിരിറ്റ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച കേസുകളെല്ലാം കോടതിയിൽ വിചാരണയിലാണ്. പോലീസ് വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

നിർത്തലാക്കിയ കള്ളുഷാപ്പുകളും തൊഴിലാളികളുടെ പുനരധിവാസവും

121 [1100] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയ കള്ളു ഷാപ്പുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം തൊഴിൽ നഷ്ടമായ കള്ളുചെത്തുഷാപ്പ് തൊഴിലാളികളുടെ എണ്ണം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിൽ നഷ്ടമായവരുടെ പുനരധിവാസത്തിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കള്ള് വ്യവസായത്തിന്റെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഇ) തൊഴിൽ നഷ്ടമായവരുടെ ക്ഷേമത്തിനും നിലവിലുള്ള തൊഴിലാളികളുടെ സംരക്ഷണത്തിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) മദ്യനയത്തിൽ വരുത്തിയ മാറ്റം മൂലം സർക്കാരിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ;

(ജി) ഇത് സംബന്ധിച്ച കൃത്യമായ കണക്ക് അറിയിക്കുമോ;

(എച്ച്) നിർത്തലാക്കിയ ഷാപ്പുകൾ പുനരാരംഭിച്ച് സർക്കാരിന്റെ വരുമാനം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1610.

(ബി ആന്റ് സി) നിർത്തലാക്കിയ കള്ളുഷാപ്പുകളിലെ തൊഴിലാളികളെ മറ്റു ഷാപ്പുകളിലേക്ക് പുനർവിന്യാസം നടത്തിയിട്ടുണ്ട്. അതിനാൽ തൊഴിലാളികൾക്ക് ആർക്കും തൊഴിൽ നഷ്ടമായിട്ടില്ല.

(ഡി) 1. ലേലവ്യവസ്ഥ ഒഴിവാക്കി ലൈസൻസിംഗ് സമ്പ്രദായം കൊണ്ടു വരുകയും റെന്റൽ തുക ചെത്തുന്ന കള്ളിന്റെ അളവിന്റെയും മറ്റും അനുപാതത്തിൽ കുറച്ചുകൊണ്ട് നിശ്ചയിച്ചിട്ടുണ്ട്.

2. വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ ഷാപ്പൊന്നിന് 500 രൂപ ഫീസ് നിശ്ചയിച്ച് അംഗീകൃത തൊഴിലാളികളുടെ കമ്മിറ്റിയെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും, പ്രസ്തുത ഷാപ്പുകൾക്ക് വേണ്ടി ചെത്തുന്ന വൃക്ഷങ്ങൾക്ക് വൃക്ഷക്കരം ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം, ഒരു മാസത്തെ വേതനം എന്നിവ മുൻകൂറായി അടയ്ക്കുന്നതും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. എല്ലാ മാസത്തിന്റെയും 1-ാം തീയതി കള്ളുഷാപ്പുകൾ അടച്ചിടണമെന്ന നിബന്ധന ഒഴിവാക്കി.

(ഇ) തൊഴിലാളികളിൽ ആർക്കും തന്നെ തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല. കൂടാതെ ലൈസിൽ പോകാത്ത കള്ളുഷാപ്പുകൾ ഷാപ്പൊന്നിന് 500 രൂപ ഫീസ് നിശ്ചയിച്ച് മറ്റ് ഇളവുകളോടൊപ്പം തൊഴിലാളികളുടെ കമ്മിറ്റികളെ ഏൽപ്പിച്ചു വരുന്നു.

(എഫ്) വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 2001-2002 കാലഘട്ടത്തിൽ എക്സൈസ് വകുപ്പിന്റെ വരുമാനം 5,34,09,14,545 രൂപയായിരുന്നു. അത് 2002-2003-ൽ 6,56,48,51,981 രൂപയായും 2003-2004-ൽ 6,63,55,35,979 രൂപയായും വർദ്ധിച്ചിട്ടുണ്ട്.

(എച്ച്) ഷാപ്പുകൾ നിർത്തലാക്കിയത് ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം മുൻനിർത്തിയാണ്. അതുകൊണ്ട് അവ പുനരാരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കിയ നടപടി

122 [1101] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിൽ മായംചേർത്ത് വില്പന നടത്തിയതിന്റെ പേരിൽ എത്ര കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്നുള്ള വിവരം (1-1-2004 മുതൽ) ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ലൈസൻസ് റദ്ദാക്കിയിട്ടുള്ള എത്ര ഷാപ്പുകൾക്ക് വീണ്ടും ലൈസൻസ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരം ലൈസൻസുകൾ പുനഃപരിശോധന നടത്തി നൽകുവാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ): കള്ളിൽ മായംചേർത്ത് വില്പന നടത്തിയതിന്റെ പേരിൽ 1-1-2004 മുതൽ 48 കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം	..	41
പത്തനംതിട്ട	..	3
പാലക്കാട്	..	3
മലപ്പുറം	..	1
ആകെ	..	48

(ബി) ലൈസൻസ് റദ്ദാക്കിയിട്ടുള്ള ഷാപ്പുകൾക്ക് വീണ്ടും ലൈസൻസ് നൽകിയിട്ടില്ല.

(സി) മേൽപ്പറഞ്ഞ സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly